ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: .06.30 PM** **DATE: 03.08.2025**

## പ്രധാനവാർത്തകൾ

1. രാജ്യത്ത് പ്രമുഖ ഫാർമസ്യൂട്ടിക്കൽ കമ്പനികൾ വിൽക്കുന്ന 35 അവശ്യ മരുന്നുകളുടെ ചില്ലറ വിൽപ്പന വില കുറച്ച് കേന്ദ്ര സർക്കാർ.
2. സിനിമ ഷൂട്ടിംഗ് സ്ഥലങ്ങളിൽ എല്ലാ കലാകാരന്മാർക്കും സുരക്ഷ ഒരുക്കുന്ന നയം കൊണ്ടു വരുമെന്ന് മന്ത്രി സജി ചെറിയാൻ ;കേരള ഫിലിം പോളിസി കോൺക്ലേവിന് തിരുവനന്തപുരത്ത് സമാപനം.
3. സാഹിത്യകാരൻ എം കെ. സാനുവിന് സാംസ്കാരിക കേരളത്തിൻറെ അന്ത്യാഞ്ജലി; സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ കൊച്ചിയിൽ നടന്നു.
4. സംസ്ഥാനത്ത് ഇന്നു മുതൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ ഓറഞ്ച് ജാഗ്രത, തെക്കൻ ജില്ലകളിൽ കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യത.
5. ഓവൽ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിൻറെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു

*********************************************************************

RNU TVPM

## മരുന്ന് വില കുറച്ചു-NPPA

പ്രമുഖ ഫാർമസ്യൂട്ടിക്കൽ കമ്പനികൾ വിൽക്കുന്ന 35 അവശ്യ മരുന്നുകളുടെ ചില്ലറ വിൽപ്പന വില കുറച്ച് കേന്ദ്ര സർക്കാർ. ആന്റി-ഇൻഫ്ലമേറ്ററി, കാർഡിയോവാസ്കുലാർ, ആൻറിബയോട്ടിക്, ആന്റി-ഡയബറ്റിക്, സൈക്യാട്രിക് എന്നിവയുൾപ്പെടെ വിവിധതരം മരുന്നുകൾ ഇതിൽ ഉൾപ്പെടുന്നു. അവശ്യമരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാനാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ നടപടി. ഇത് സംബന്ധിച്ച് രാസവസ്തു, രാസവള മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചു. ചില്ലറ വ്യാപാരികളും ഡീലർമാരും പുതുക്കിയ വില പട്ടികകൾ പ്രദർശിപ്പിക്കണമെന്ന് ഉത്തരവിൽ പറയുന്നു.

***********************************************************************

## ജൻ ധൻ അക്കൗണ്ട്-നിർമ്മല സിതാരമൻ

രാജ്യത്ത് പി എം ജൻ ധൻ അക്കൗണ്ടുകൾ 55 കോടി കടന്നതായി കേന്ദ്ര ധനമന്ത്രി നിർമ്മല സിതാരമൻ. അക്കൗണ്ട് ഉടമകളിൽ 56 ശതമാനവും സ്ത്രീകളാണ്, ഈ അക്കൗണ്ടുകളിലെ മൊത്ത നിക്ഷേപം 2.5 കോടി കടന്നതായി ധന മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ഉൾപ്പെടുത്തൽ സംരംഭങ്ങളിലൊന്നാണിതെന്നും, ഈ വർഷം മൂന്ന് കോടി ജൻ ധൻ അക്കൗണ്ടുകൾ കൂടി തുറക്കാൻ ലക്ഷ്യമിടുന്നതായും ശ്രീമതി നിർമ്മല സിതാരമൻ വ്യക്തമാക്കി.

RNI TVPM

***********************************************************************

## കേരള ഫിലിം പോളിസി കോൺക്ലേവ്

കേരള ഫിലിം പോളിസി കോൺക്ലേവ് ഇന്ന് തിരുവനന്തപുരത്ത് സമാപിച്ചു . കേരള നിയമസഭയിലെ ആർ ശങ്കരനാരായണൻ തമ്പി മെംബേർസ് ലോഞ്ചിൽ നടന്ന ചടങ്ങിൽ ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. സിനിമ പ്രദർശനത്തിന് സർക്കാർ നിയന്ത്രണത്തിലുള്ള സംവിധാനം വേണമെന്ന് അദ്ദേഹം പറഞ്ഞു. അതേസമയം സിനിമ ഷൂട്ടിംഗ് സ്ഥലങ്ങളിൽ എല്ലാ

കലാകാരന്മാർക്കും സുരക്ഷ ഒരുക്കുന്ന നയം കൊണ്ടു വരുമെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. എല്ലാവർക്കും സംരക്ഷണവും തുല്യതയും ഉറപ്പാക്കുന്ന നയമായിരിക്കും സർക്കാർ ആവിഷ്കരിക്കുകയെന്നും മന്ത്രി പറഞ്ഞു. സിനിമ നയം രൂപീകരിക്കുമ്പോൾ ടെലിവിഷൻ മേഖലയിലെ പ്രശ്നങ്ങളും അഭിസംബോധന ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

സിനിമാ വ്യവസായത്തിന് സർക്കാർ ഫണ്ട് നൽകുന്നത് തടസമുണ്ടാകില്ലെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ, ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ കെ മധു, സൂര്യ കൃഷ്ണമൂർത്തി തുടങ്ങിയവർ പങ്കെടുത്തു. രാജ്യത്തിനകത്തും പുറത്തും നിന്നുമായി നിരവധി പ്രമുഖ ചലച്ചിത്ര പ്രവർത്തകരും കോൺക്ലേവിൻറെ ഭാഗമായി.

**********************************************************************

## രാജീവ് ചന്ദ്രശേഖർ

ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജനപ്രകാരം പുതുതായി നിർമ്മിച്ച ആശുപത്രി ബ്ലോക്കിലേക്ക് 255 പുതിയ തസ്തികകൾ കേന്ദ്ര സർക്കാർ അനുവദിച്ചു. ഇതനുസരിച്ച് 102 നഴ്സിംഗ് ഓഫീസർമാരെയും 57 സീനിയർ റസിഡൻറുകളെയുമാണ് നിയമിക്കുക. ന്യൂറോ സർജറി, കാർഡിയോവാസ്കുലർ ഗവേഷണം, അനുബന്ധ മേഖലകൾ എന്നിവയുടെ ആഗോള കേന്ദ്രമായി ശ്രീചിത്ര ഉയർന്നുവരുന്നതിന് ഈ നിയമനങ്ങൾ ആക്കം കൂട്ടുമെന്ന്
ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പ്രസ്താവനയിൽ അറിയിച്ചു.

**********************************************************************

## എം.കെ.സാനു

RMU TVPM

സാഹിത്യ സാംസ്കാരിക ലോകത്തെ നിറ സാന്നിധ്യമായിരുന്ന എം. കെ. സാനുവിന് കേരളത്തിൻറെ അന്ത്യാഞ്ജലി. കൊച്ചി കാരയ്ക്കാമുറിയിലുള്ള വസതിയിലും എറണാകുളം ടൗൺ ഹാളിലും നടന്ന പൊതുദർശനത്തിൽ ആയിരങ്ങളാണ് യാത്രമൊഴിയേകാൻ എത്തിയത്. മുഖ്യ മന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ എം. ബി രാജേഷ്, പി. രാജീവ്, കെ. രാജൻ, ആർ. ബിന്ദു, വി. എൻ വാസവൻ, പി. പ്രസാദ്, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ തുടങ്ങി രാഷ്ട്രീയ സാംസ്കാരിക രംഗത്തെ നിരവധി പേർ അന്ത്യാഞ്ജലി അർപ്പിച്ചു. സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ രവിപുരം ശ്മശാനത്തിൻ നടന്നു.

**********************************************************************

## കാലാവസ്ഥ - സംസ്ഥാനം

സംസ്ഥാനത്ത് ഇന്നു മുതൽ അഞ്ച് ദിവസം വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിന് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

RNI TVPM

**********************************************************************

## കള്ളക്കടൽ ജാഗ്രത നിർദേശം

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ ഇന്ന് വൈകുന്നേരം മുതൽ നാളെ രാത്രി 08.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കന്യാകുമാരി തീരത്ത് നാളെ പകൽ 11.30 വരെ ഉയർന്ന തിരമാല മുന്നറിയിപ്പുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. അതേസമയം കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ വ്യാഴാഴ്ച വരെ

മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നിർദ്ദേശിച്ചു.

*******************************************************************

## ജലയാനങ്ങൾക്കു നിയന്ത്രണം

ആലപ്പുഴയിൽ നെഹ്റു ട്രോഫി വള്ളം കളി നടക്കുന്ന പ്രദേശത്ത് രാവിലെയും വൈകുന്നേരവും ബോട്ടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി. സ്കൂൾ കുട്ടികളുമായി സഞ്ചരിക്കുന്ന കടത്തുവള്ളങ്ങളിൽ ബോട്ടുകൾ ഇടിച്ച് അപകടമുണ്ടാകുന്ന സാഹചര്യത്തിലാണ് നിയന്ത്രണം. നിയന്ത്രണം ലംഘിക്കുന്നവർക്കെതിരെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുമെന്ന് തുറമുഖ ഓഫീസർ അറിയിച്ചു.

*******************************************************************

## മത്സ്യബന്ധന ബോട്ട് അപകടം

നീണ്ടകരയിൽ നിന്ന് മത്സ്യബന്ധനത്തിന് പോയി ഇന്നലെ അപകടത്തിൽപ്പെട്ട ഏഴംഗസംഘത്തെ തോട്ടപ്പള്ളി കോസ്റ്റൽ പോലീസ് രക്ഷപ്പെടുത്തി. പ്രതികൂല കാലാവസ്ഥയിലും പോലീസ് തിരച്ചിൽ തുടരുകയായിരുന്നു. ഇന്ന് രാവിലെ ഏഴു മണിയോടുകൂടി തമിഴ്നാട്, അസം, ആന്ധ്രാ പ്രദേശ് സ്വദേശികളായ എല്ലാ തൊഴിലാളികളെയും സുരക്ഷിതമായി തിരികെ എത്തിച്ചു.

*******************************************************************

## ഇടുക്കി (ഇൻട്രോ)

പ്രവാസ ജീവതം നയിച്ച് നാട്ടിൽ തിരികെയെത്തുന്നവർക്ക് സഹായവുമായി പ്രവാസി ഭദ്രത പദ്ധതി. നോർക്കയുടെ സഹകരണത്തോടെ കുടുംബശ്രീ മിഷനാണ് പദ്ധതി നടപ്പാക്കുന്നത്.

വിശാദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...

*******************************************************************

RNU TVPM

## മൂന്നാർ-തെരുവ് നായ

ഇടുക്കി ജില്ലയിലെ മൂന്നാർ പഞ്ചായത്തിൽ ഇരുന്നൂറോളം തെരുവ് നായ്ക്കളെയും വളർത്ത് നായ്ക്കളെയും കൊന്ന് കുഴിച്ച് മൂടിയതായി പരാതി. ഇടുക്കി അനിമൽ റെസ്ക്യു ടീം നൽകിയ പരാതിയിൽ മൂന്നാർ പഞ്ചായത്ത് അധികൃതർക്കെതിരെ പോലീസ് കേസ് എടുത്തു.
മൂന്നാർ പഞ്ചായത്തിൻ്റെ അറിവോടെ തെരുവ് നായ്ക്കളെ വിഷം നൽകി കൊലപ്പെടുത്തി മാലിന്യ സംസ്കരണ പ്ലാൻ്റിലെ കിണറ്റിൽ കുഴിച്ച് മൂടിയെന്നാണ് പരാതി. എന്നാൽ പഞ്ചായത്തധികൃതർ പരാതി നിഷേധിച്ചു. അതേ സമയം നായ്ക്കളെ പഞ്ചായത്തിൻ്റെ വാഹനത്തിൽ കയറ്റി കൊണ്ടു പോകുന്ന ദൃശ്യങ്ങൾ പുറത്ത് വന്നിട്ടുണ്ട്. കഴിഞ്ഞ ഏതാനും ആഴ്ച്ചകളായി മൂന്നാറിലും പരിസരങ്ങളിലും തെരുവ് നായ്ക്കളെ ശല്യം രൂക്ഷമായിരുന്നു. വിനോദ സഞ്ചാരികളടക്കം നിരവധി പേർക്കാണ് തെരുവ് നായ്ക്കളുടെ കടിയേറ്റത്.

****************************************************************

## ഓവൽ ക്രിക്കറ്റ്

ഇന്ത്യക്കെതിരായ ഓവൽ ക്രിക്കറ്റ് ടെസ്റ്റിൻെറ നാലാം ദിവസം ഇംഗ്ലണ്ടിൻെറ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു.
374 റൺസ് വിജയലക്ഷ്യവുമായി ബാറ്റ് ചെയ്യുന്ന ഇംഗ്ലണ്ട് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 3 വിക്കറ്റിന് 197 റൺസ് എന്ന നിലയിലാണ്. അഞ്ച് മത്സരങ്ങളങ്ങിയ പരമ്പരയിലെ അവസാന ടെസ്റ്റാണിത്. പരമ്പരയിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്.

****************************************************************

## ഡോ. ഹാരിസ്-ഐ എം എ

തിരുവനന്തപുരം മെഡിക്കൽ കോളജ് യൂറോളജി വകുപ്പ് മേധാവി ഡോ ഹാരിസ് ചിറക്കലിനെതിരെ നടപടികൾ സ്വീകരിക്കാനുള്ള ആരോഗ്യ വകുപ്പിന്റെ നീക്കത്തെ ശക്തമായി എതിർക്കുമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ.
സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളജുകൾ നേരിടുന്ന

RINU TVPM

വെല്ലുവിളികൾ പഠിക്കാനും പരിഹരിക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും അതിനായി പ്രത്യേക വിദഗ്ധ സമിതിയെ നിയോഗിക്കണമെന്നും ഐ എം എ തിരുവനന്തപുരം ഭാരവാഹികൾ ആവശ്യപ്പെട്ടു. വിഷയത്തിൽ പൊതുജനങ്ങളുടെയും ആരോഗ്യ വിദഗ്ദരുടെയും അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നതിനായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിക്ക് സമീപമുള്ള ഐ എം എ ഹാളിൽ ചൊവ്വാഴ്ച ഓപ്പൺ ഫോറം സംഘടിപ്പിച്ചിട്ടുണ്ട്.

*********************************************************************

## കൊച്ചി ധനുഷ്ക്കോടി ദേശീയ പാത

കൊച്ചി ധനുഷ്ക്കോടി ദേശീയ പാതയിൽ മൂന്നാർ ഗ്യാപ്പ് റോഡ് വഴിയുള്ള രാത്രി ഗതാഗതം ഇന്നു മുതൽ വ്യാഴാഴ്ച വരെ നിരോധിച്ചു. പകലും രാത്രിയും ഈ ഭാഗങ്ങളിൽ പാർക്കിങ്ങും അനുവദനീയമല്ല. മേഖലയിൽ മഴ തുടരുന്ന സാഹചര്യത്തിൽ പാറ അടർന്നുവീഴാൻ സാധ്യതയുള്ളതിനാലാണ് നിരോധനം ഏർപ്പെടുത്തിയത്.

*

*************

************************************

RNU TVPM